LIBRARY ARCHIVES Kerala Legislative Assembly

സ.ഉ. (സാധാ) നമ്പർ 1773/2015/ഉവിവ. 13-7-2015 പ്രകാരം കോട്ടയ്ക്കൽ വനിത പോളിടെക്നിക്ക് കോളേജിലെ ഇൻസ്ട്രുമെന്റേഷൻ & ഇലക്ട്രോണിക്സ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 3.19 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിരുന്നതാണ്, സാങ്കേതിക കാരണങ്ങളാൽ യഥാസമയം നിർമ്മാണപ്രവൃത്തികൾ നടക്കാത്തതിനാൽ കാലഹരണപ്പെടുകയും പുതുക്കി നൽകാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു. പഴയ എസ്റ്റിമേറ്റിലെ സ.ഉ. (സാധാ) നമ്പർ 1773/2015/ഉവിവ. പ്രകാരം കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേന ചെയ്യിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

വിളപ്പിൽശാല ഗവണ്മെന്റ് പോളിടെക്നിക്ക്

165(1150) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാല ഗവണ്മെന്റ് പോളിടെക്നിക്ക് ആരംഭിക്കുന്നതിനായുള്ള സ്ഥലം കൈമാറ്റം പൂർത്തിയായിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വിളപ്പിൽശാല ഗവണ്മെന്റ് പോളിടെക്നിക്ക് ആരംഭിക്കുന്നതിന് സ്ഥലം കൈമാറ്റം പൂർത്തിയായിട്ടില്ല. ആയതിന് വേണ്ടതായ സ്ഥലം കണ്ടെത്തി റവന്യൂ അധികൃതരെ കൊണ്ട് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

പോളിടെക്നിക്കുകളിൽ പുതിയ കോഴ്സുകൾ

166(1151) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി ലഭ്യതയുള്ള ഏതെല്ലാം പുതിയ കോഴ്സുകളാണ് പോളിടെക്നിക്കുകളിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ തൃശ്ശൂർ സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് കോഴ്സും പുറപ്പുഴ സർക്കാർ പോളിടെക്നിക്ക് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് കോഴ്സും 2021-22-ൽ ആരംഭിച്ചിട്ടുണ്ട്. ഡിപ്ലോമ കരിക്കുലം കാലാനുസൃതമായി പരിഷ്കരിച്ച് തൊഴിൽ സാദ്ധ്യത

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പുവരുത്തുന്നുമുണ്ട്. കൂടാതെ ഷൊർണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജ് & ഐ.പി.ടി., പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക്ക് കോളേജ്, എം.ടി.ഐ. തൃശ്ശൂർ, കോട്ടയം സർക്കാർ പോളിടെക്നിക്ക് കോളേജ്, ആറ്റിങ്ങൽ സർക്കാർ പോളിടെക്നിക്ക് കോളേജ് എന്നിവിടങ്ങളിൽ ഡി.വോക് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പെരുമ്പാവൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ പുതിയ കോഴ്സുകളായ Cyber Forensic & Information Security, Mechatronics എന്നിവയും കോഴിക്കോട് വനിതാ പോളിടെക്നിക്ക് കോളേജിൽ Cyber Forensic & Information Security എന്ന കോഴ്സും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കുന്നംകുളം ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ ആധുനിക കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കുന്നംകുളം സർക്കാർ പോളിടെക്നിക്ക് കോളേജിൽ ആധുനിക കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പുതിയ പ്രൊപ്പോസൽ ഇപ്പോൾ പരിഗണനയിലില്ല.

സി-ആപ്റ്റിലെ പ്രൊമോഷൻ പോളിസി

167(1152) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനുവേണ്ടി പ്രൊമോഷൻ പോളിസി നിലവിലുണ്ടോ എന്നറിയിക്കുമോ; എങ്കിൽ അതിന്റെ മാനദണ്ഡം വെളിപ്പെടുത്താമോ?

നിലവിൽ സി-ആപ്റ്റിൽ പ്രൊമോഷൻ പോളിസി നടപ്പിലാക്കിയിട്ടില്ല.

(ബി) പ്രൊമോഷൻ പോളിസി നിലവിലില്ലെങ്കിൽ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സി-ആപ്റ്റിൽ പ്രൊമോഷൻ പോളിസി, സ്റ്റാഫ് പാറ്റേൺ എന്നിവ നടപ്പിലാക്കുന്ന നടപടി അവസാന ഘട്ടത്തിലാണ്.

(സി) സി-ആപ്റ്റ് ജീവനക്കാരുടെ പ്രൊമോഷനിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?